പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 5905

08/07/2013- **ൽ മറുപടിക്ക്**

# തിരുവനന്തപുരം നഗരസഭയെ ഓപ്റ്റ് ചെയ്യവർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിന് നടപടി

| ചോദ്യം<br>ശ്രീ. സി.മോയിൻകുട്ടി | ഉത്തരം<br>ശ്രീ. മഞ്ഞളാംകുഴി അലി.<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
|---|---|
| (എ) മുൻസിപ്പൽ കോർപ്പറേഷൻ ജീവനക്കാർക്ക് പെൻഷൻ നൽകുന്നത് ഏതുവിധത്തിലാണെന്നും ഫണ്ടിന്റെ വിതരണം എങ്ങിനെയാണെന്നും വ്യക്തമാക്കുമോ ; | (എ) കേരള മുൻസിപ്പൽ കോമൺ സർവ്വീസിലെ റഗുലർ വിഭാഗം ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനായി നഗരകാര്യ വകുപ്പിൽ സെൻട്രൽ പെൻഷൻ ഫണ്ട് നിലവിലുണ്ട്. നഗരസഭാ ജീവനക്കാരുടെ 10/91 മുതലുള്ള പ്രതിമാസം ശമ്പളത്തിന്റെ 15% പെൻഷൻ കോൺട്രിബ്യൂഷൻ ആയി സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കണമെന്ന് വ്യവസ്ഥയുണ്ട്. 10/91 ന് മുമ്പ് സർവ്വീസിൽ ഉണ്ടായിരുന്ന ജീവനക്കാരുടെ പെൻഷൻ വിഹിതം കമ്മ്യൂട്ടഡ് വാല്യൂ ഓഫ് പെൻഷൻ (സി.വി.പി) ഇനത്തിൽ ശേഖരിക്കുന്നുണ്ട്. വിരമിക്കുന്ന നഗരസഭാ ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുമ്പോൾ ടി തുകയ്ക്കുള്ള അലോട്ട്മെന്റ് അനുവദിക്കുകയാണ് ചെയ്യാറുള്ളത്. എന്നാൽ പല നഗരസഭകളും യഥാസമയം സി.വി.പി/പെൻഷൻ കോൺട്രിബ്യൂഷൻ ഫണ്ടിൽ ഒടുക്കാത്തതിനാൽ കോടിക്കണക്കിന് രൂപ കുടിശ്ശിക വരുത്തിയിട്ടുള്ളതാണ്. ടി നഗരസഭകളിൽ നിന്നും വിരമിക്കുന്ന ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ കുടിശ്ശിക സി.വി.പിയിൽ നിന്നും അഡ്ജസ്റ്റ് ചെയ്ത് നഗരസഭാഫണ്ടിൽ നിന്നും നൽകുന്നതിന് ഉത്തരവ് നൽകിയും വരുന്നു. |
| (ബി) ഈ വകുപ്പിൽ നിന്നും റിട്ടയർ ചെയ്ത് പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് തിരുവനന്തപുരം നഗരസഭയെ ഓപ്റ്റ് ചെയ്യവർക്ക് | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആലപ്പുഴ നഗരസഭയിൽ നിന്നും വിരമിച്ച എച്ച്.സി ശ്രീമതി.കെ.എം.രാധാമണിയമ്മ, സൂപ്രണ്ട് ശ്രീമതി.സിൻഡ്രല്ല ഡർത്താലിസ്, നെയ്യാറ്റിൻകര നഗരസഭയിൽ നിന്നും വിരമിച്ച |

| | | | |
|---|---|---|---|
| | നഗരസഭ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വിശദമാക്കുമോ; | | ശ്രീ.വിക്രമൻ നായർ, ശ്രീ.എം.കരുണാകരൻ എന്നിവർ പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് തിരുവനന്തപുരം നഗരസഭ ഓപ്റ്റ് ചെയ്തിട്ടുള്ളതാണ്. തിരുവനന്തപുരം നഗരസഭയിൽ നിന്നും കമ്മ്യൂട്ടഡ് വാല്യു ഓഫ് പെൻഷൻ (സി.വി.പി) ഒടുക്കുവാൻ കുടിശ്ശിക ഉണ്ടായിരുന്നതിനാൽ ടി ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യം ഇനത്തിൽ അനുവദിക്കേണ്ട തുക സി.വി.പിയിൽ അഡ്ജസ്റ്റ് ചെയ്താണ് പെൻഷൻ ആനുകൂല്യം അനുവദിച്ച് നൽകിയിട്ടുള്ളത്. |
| (സി) | പ്രസ്തുത പെൻഷൻകാർക്ക് അടിയന്തിരമായി പെൻഷൻ ആനുകൂല്യങ്ങൾ നൽകാനുള്ള നിർദ്ദേശം നല്കുമോ? | (സി) | തിരുവനന്തപുരം നഗരസഭയിൽ നിന്നും സി.വി.പി/പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ സി.പി.എഫിൽ ഒടുക്കുവാൻ കുടിശ്ശിക വരുത്തിയിട്ടുള്ള തുകയിൽ നിന്നും പ്രസ്തുത ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിന് 24/6/2013 ൽ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ